**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881** **13-12-2022 - ൽ മറുപടിയ്ക്ക്**

**മുറ്റത്തെ മുല്ല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ മുറ്റത്തെ മുല്ല പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയ ബാങ്ക് ഏതാണെന്നും എന്തെല്ലാം പ്രയോജനങ്ങളാണ് ഇതുകൊണ്ടുണ്ടായതെന്നും വ്യക്തമാക്കുമോ; | (എ) | ബ്ലേഡ് പലിശക്കാരുടേയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടേയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണ ജനസമൂഹത്തെ മോചിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കി വരുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല വായ്പ പദ്ധതി. ടി വായ്പ പദ്ധതിയ്ക്ക് പുനർവായ്പ നൽകുകയാണ് കേരള ബാങ്ക് ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിലാണ് മുറ്റത്തെമുല്ല പദ്ധതി ആദ്യമായി നടപ്പിലാക്കിയിട്ടുള്ളത്. കുടുംബശ്രീ മുഖേന വിതരണം ചെയ്യുന്ന ടി വായ്പകൾ സ്വന്തമായി വരുമാനം ഉണ്ടാക്കുന്നതിനും ഇതിലൂടെ സ്ത്രീ ശാക്തീകരണം നടപ്പിലാക്കുന്നതിന് ഒരു പരിധിവരെ സാധ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | നിലവിൽ പ്രസ്തുത പദ്ധതിയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളിലേക്കും വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ ടി പദ്ധതി എല്ലാ സഹകരണ ബാങ്കുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | വായ്പകൾക്ക് ഇൻഷുറൻസ് ലക്ഷ്യമിട്ട് കേരള റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും, വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലൂടെ അനുവദിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത വായ്പകൾക്ക് റിസ്ക് ഫണ്ട് പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്ന് വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | വായ്പകൾക്ക് ഇൻഷുറൻസ് ലക്ഷ്യമിട്ട് കേരള റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും, വായ്പ എടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലൂടെ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ